**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 129** **23-08-2022 - ൽ മറുപടിയ്ക്ക്**

**മുൻ ഡി. ജി. പി യുടെ ആരോപണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പല കേസുകളിലും അന്വേഷണ സംഘം വ്യാജ ഫോറൻസിക് റിപ്പോർട്ട് ഉണ്ടാക്കിയിട്ടുണ്ടെന്ന മുൻ ഡി. ജി. പി. യുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. |
| (സി) | ചില പോലീസ് ഉദ്യോഗസ്ഥർ പത്രക്കാരെ മദ്യവും മറ്റും നൽകി സ്വാധീനിക്കുന്നുവെന്നും കള്ളകേസുകൾ എടുക്കുന്നുവെന്നുമുള്ള അതേ ഉദ്യോഗസ്ഥയുടെ ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പൊലീസിലെ മാഫിയ ബന്ധം അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഫോറൻസിക് വകുപ്പിനെ ആഭ്യന്തര വകുപ്പിൽ നിന്നും വേർപെടുത്തി മുഖ്യമന്ത്രിയുടെ കീഴിൽ സ്വതന്ത്ര വകുപ്പ് ആക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ